പതിന്നാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 1295 10/08/2017 ൽ മറുപടിയ്ക്ക്

## റീസർവ്വേ പൂർത്തീകരിക്കുന്നതിനായി നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൽദോ എബ്രഹാം | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് റീസർവ്വേ പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ.? | (എ) 24/01/2017 ലെ സർക്കാർ ഉത്തരവ് (എം.എസ്സ്) 28/2017/റവന്യൂ പ്രകാരം സംസ്ഥാനത്ത് റീസർവ്വേ പ്രവർത്തനങ്ങൾ പുനഃസ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 14 ജില്ലകളിലും പ്രൈമറി & സെക്കന്ററി ഗ്രൗണ്ട് പോയിന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കാസറഗോഡ് ജില്ലയിൽ ഒന്നാം ഘട്ടത്തിൽ 10 വില്ലേജുകളുടെയും, ഇടുക്കി ജില്ലയിൽ 5 വില്ലേജുകളുടെയും റീസർവ്വേ ആധുനിക സർവ്വേ ഉപകരണങ്ങളായ ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ, ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം എന്നിവ ഉപയോഗിച്ച് വ്യക്തമായ ആക്ഷൻ പ്ലാനോടെ പൂർണ്ണ പൊതുജന പങ്കാളിത്തത്തോടെ കുറ്റമറ്റ രീതിയിൽ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ മറ്റു ജില്ലകളിൽ പുരോഗതിയിലുള്ള 39 വില്ലേജുകളുടെ റീസർവ്വേ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) പ്രസ്തുത നടപടികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ; | (ബി) റീസർവ്വേയുടെ ഭാഗമായി സംസ്ഥാനത്തെ 14 ജില്ലകളിലും ജി.പി.എസ്. ഗ്രൗണ്ട് കൺട്രോളുകൾ സ്ഥാപിക്കുന്ന ജോലികൾ ദ്രുതഗതിയിൽ നടന്നു വരുന്നു. കാസറഗോഡ് ജില്ലയിൽ റീസർവ്വേ പൂർത്തിയാക്കിയ 10 വില്ലേജുകളുടെയും റിക്കാർഡുകളിൽ സർവ്വെ അതിരടയാള ആക്ടിലെ സെക്ഷൻ 9(2) പ്രസിദ്ധപ്പെടുത്തി റിക്കാർഡ് പ്രദർശന വേളയിൽ ലഭിച്ച എ.എൽ.സി. (അപ്പീൽ ലാന്റ് കംപ്ലയിന്റുകൾ) അപേക്ഷകളിൽ മേൽ നടപടി സ്വീകരിച്ചു വരുന്നു. ഇടുക്കി ജില്ലയിൽ 5 വില്ലേജുകളുടെയും ജി.പി.എസ്. ഗ്രൗണ്ട് കൺട്രോൾ പോയിന്റുകൾ സ്ഥാപിക്കുകയും 3 വില്ലേജുകളിൽ ഫീൽഡ് വർക്കുകൾ പുരോഗതിയിലുമാണ്. മറ്റ് ജില്ലകളിൽ പുരോഗതിയിലുള്ള 39 വില്ലേജുകളിൽ 15 വില്ലേജുകളിലെ റീസർവ്വേ അന്തിമ ഘട്ടത്തിലാണ്. |

| | |
|---|---|
| (സി) മൂവാറ്റുപുഴ താലൂക്കിന്റെ റീസർവ്വേ നടപടികൾ ആരംഭിക്കുന്നതിനായി ഒരു സർവ്വെ ഓഫീസ് പുതുതായി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ.? | (സി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ